**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 428** **08-10-2024 - ൽ മറുപടിയ്ക്ക്**

**നീലേശ്വരം-എടത്തോട് റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച നീലേശ്വരം-എടത്തോട് റോഡ് നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | 20/08/2016-ലെ G.O (Rt) No. 1192/2016/PWD പ്രകാരം 25 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി ലഭിച്ച കാസർഗോഡ് ജില്ലയിലെ കിഫ്ബി പദ്ധതിയായ നീലേശ്വരം - എടത്തോട് റോഡ് പ്രവൃത്തിയ്ക്ക് 16/03/2018-ലെ APR-1/310/2018/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 42.10 കോടി രൂപയുടെ ധനാനുമതിയും നൽകിയിരുന്നു. 27/11/2018-ന് 42.1 കോടി രൂപയുടെ സാങ്കേതികാനുമതി ലഭ്യമായ പ്രസ്തുത പ്രവൃത്തി 29.85 കോടി രൂപയ്ക്ക് 28/02/2019-ന് കരാർ നൽകി പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ പുരോഗതി ഇല്ലാത്തതിനാൽ KRFB പ്രോജക്റ്റ് ഡയറക്ടറുടെ 29/05/2023-ലെ നടപടിക്രമ ഉത്തരവ് പ്രകാരം കരാറുകാരനെ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കിയിട്ടുണ്ട്. ഭൂമിയേറ്റെടുക്കലിനും, യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുമുള്ള അധിക എസ്റ്റിമേറ്റ് ഉൾപ്പെടുത്തി നിർവ്വഹണ ഏജൻസി സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ച് കിഫ്ബി 19/06/2023-ലെ PWD004-128/APR-1/2023/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 43.27 കോടി രൂപയുടെ പുതുക്കിയ ധനാനുമതിയും നൽകിയിരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തിയുടെ ബാലൻസ് പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് DSR 2016 പ്രകാരം തയ്യാറാക്കിയത് 26/03/2024-ലെ 155-ാമത് ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ എസ്റ്റിമേറ്റ് തുക ധനാനുമതി തുകയേക്കാൾ അധികരിച്ചതിനാൽ പുതുക്കിയ ധനാനുമതിയ്ക്കായി കിഫ്ബിക്ക് പ്രൊപ്പോസൽ സമർപ്പിക്കുവാൻ തീരുമാനിച്ചിരുന്നെങ്കിലും 08/04/2024-ലെ PWD-G1/557/2023-PWD കത്ത് പ്രകാരം നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്യുന്ന കരാറുകളുടെ |

| | | | |
|---|---|---|---|
| | | | ബാലൻസ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ടെണ്ടർ ചെയ്യുന്ന സമയത്തെ DSR നിരക്കിൽ തയ്യാറാക്കണന്ന നിർദ്ദേശ പ്രകാരം DSR 2018 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് 23/07/2024-ലെ ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ 08/08/2024-ന് നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ആയത് കിഫ്ബി പരിശോധിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ വിവരങ്ങളും രേഖകളും സഹിതം പുനഃസമർപ്പിക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് നിർവ്വഹണ ഏജൻസിക്ക് 09/08/2024-ന് തിരിച്ച് നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശ പ്രകാരം ഫയൽ പുനഃസമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നതായി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.<br><br>കിഫ്ബി നിർദ്ദേശ പ്രകാരമുള്ള വിവരങ്ങൾ/രേഖകൾ സഹിതം നിർവ്വഹണ ഏജൻസി പ്രൊപ്പോസൽ പുനഃസമർപ്പിയ്ക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പുതുക്കിയ ധനാനുമതി നൽകുന്നതിന് കിഫ്ബി നടപടികൾ സ്വീകരിക്കുന്നതാണ്. പുതുക്കിയ ധനാനുമതി ലഭിച്ച ശേഷം സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർവ്വഹണ ഏജൻസിക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ